ഉത്തരം

മൂന്നാം ധനകാര്യ കമ്മീഷന്റെ ശിപാർശ സർക്കാർ അംഗീകരിച്ചത് പ്രകാരമുള്ള വിഹിതമാണ് 1-4-2006 മുതൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചു വരുന്നത്. 2010-11 സാമ്പത്തിക വർഷം വികസന ഫണ്ട് ഇനത്തിൽ 2010 കോടി രൂപയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ളത്. ഇത് സംസ്ഥാന പദ്ധതി അടങ്കൽ തുകയായ 10,000 കോടി രൂപയുടെ 20.10 ശതമാനമാണ്. പദ്ധതികൾ തയ്യാറാക്കുന്നതിന് മാർഗ്ഗരേഖയും സബ്സിഡി അനുവദിക്കുന്നതിന് മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ട്. ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകളുടെ പരിശോധനയെ തുടർന്ന് ജില്ലാ ആസൂത്രണ സമിതികളാണ് പദ്ധതിക്ക് അംഗീകാരം നൽകുന്നത്. ചട്ടങ്ങൾക്കും സർക്കാർ നൽകിയിട്ടുള്ള മാർഗ നിർദ്ദേശങ്ങൾക്കും വിധേയമായാണ് പ്രവൃത്തികൾ നടപ്പാക്കേണ്ടത്. പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി ജില്ലാ ആസൂത്രണ സമിതികൾ മാസംതോറും അവലോകനം ചെയ്യാറുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം

141 (1899) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11 വർഷത്തേക്കുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) 2010 സെപ്റ്റംബർ 30 വരെ പദ്ധതി വിഹിതത്തിൽ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) ഇത് മൊത്തം വിഹിതത്തിന്റെ എത്ര ശതമാനമാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) 2010 നവംബർ 30 വരെ തദ്ദേശ സ്ഥാപനങ്ങൾ ചെലവിട്ട തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഇത് മൊത്തം വിഹിതത്തിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2010-11-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി ലഭ്യമാകുന്ന തനി തുക 2005,96,99,000 രൂപയാണ്.

(ബി) 2010 സെപ്റ്റംബർ 30 വരെ 470,83,79,175 രൂപ ചെലവഴിച്ചു.

(സി) 23.47%.

(ഡി) 644,34,23,819.

(ഇ) 32.12%.

LIBRARY ARCHIVES Kerala Legislative Assembly